പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 326 | 28/05/2019 ൽ മറുപടി<br>നല്കേണ്ടത്. |

## ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായ രീതിയിൽ മായം ചേർക്കുന്നത് മൂലം പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണി വർദ്ധിക്കുന്നു വെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇപ്രകാരം മായം ചേർക്കുന്ന വർക്കെതിരെ എന്തൊക്കെ നടപടികളാണ് ഭക്ഷ്യസുരക്ഷാ വിഭാഗം സ്വീകരിക്കുന്നത്; | ബി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട് പ്രസ്തുത പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധന നടത്തി Misbranded/Substandard ആയി ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ അഡ്ജൂഡിക്കേഷനും Unsafe ആയി ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കുന്നുണ്ട്.<br>പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരം പാലിക്കാത്തതായി കാണുന്ന സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും തുടർ പരിശോധനകളിൽ ഇവ പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുകയും ചെയ്യുന്നു. ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി മത്സ്യമാർക്കറ്റുകളിലും വിപണന കേന്ദ്ര ങ്ങളിലും പരിശോധന നടത്തുന്നുണ്ട് കൂടാതെ അന്യസംസ്ഥാനത്ത് നിന്ന് വരുന്ന മത്സ്യങ്ങൾ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി മായം ചേർത്തതായി കണ്ടെത്തിയ മത്സ്യം തിരിച്ച് വിടുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. |
| സി) | 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ ശിക്ഷാ നടപടി ഉണ്ടായി; വിശദാംശങ്ങൾ നൽകുമോ? | സി) | 2017-18 കാലയളവിൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ സംസ്ഥാനത്ത് ഒട്ടാകെ 448 കേസുകൾ രജിസ്റ്റർ ചെയ്യുകയും 198 എണ്ണത്തിൽ വിധി വരികയും 58,45,200/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br>2018-19 കാലയളവിൽ സംസ്ഥാനത്ത് ഒട്ടാകെ 632 കേസുകൾ രജിസ്റ്റർ ചെയ്യുകയും 199 എണ്ണത്തിൽ വിധി വരികയും 78,96,800/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ